(ബി) കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം എല്ലാത്തരത്തിലുമുള്ള കൃഷിയെയും ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) ചെറിയ കൃഷിഭൂമികളാണ് സംസ്ഥാനത്ത് ഏറെയുമെന്നതിനാൽ ഇവിടെ കൃഷി ആദായകരമല്ലാതാകുന്നു എന്ന വസ്തുത കണക്കിലെടുത്ത് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് നിലനിൽക്കുന്ന കൂലിക്കൂടുതൽ കാർഷിക മേഖലയെ ബാധിക്കുന്നുണ്ടെന്ന കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) കൃഷി വകുപ്പ് മുഖേന പഠനം നടത്തിയിട്ടില്ല. കാർഷിക മേഖല പൊതുവേ ഒരു ഉണർവിന്റെ ചിത്രം നൽകി വരികയാണ്.

(ബി) ഉണ്ട്. ഇതിന് ഒരു പരിഹാരമാണ് കാർഷിക മംഗത്ത് പരമാവധി യന്ത്രവൽക്കരണം നടപ്പാക്കുകയെന്നത്. തൊഴിലാളികൾക്ക് കൂടി സ്വീകാര്യമായ തരത്തിൽ യന്ത്രവൽക്കരണം നടപ്പാക്കുക എന്നതാണ് സർക്കാർ നയം. കാർഷിക യന്ത്രവത്ക്കരണത്തിനായി 2010-11 വർഷം 320.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് കർഷകർക്ക് സബ്സിഡി നിരക്കിൽ ട്രാക്ടർ, പവ്വർ ട്രില്ലർ പമ്പ്സെറ്റ് സ്പ്രെയറുകൾ, കൊയ്ത്തു മെതിയന്ത്രങ്ങൾ തുടങ്ങിയവ ലഭ്യമാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) തൊഴിലാളികളുടെ കൂലി കൂടുതലിനെക്കാളും തൊഴിലാളി ക്ഷാമമാണ് കാർഷിക മേഖലയെ ബാധിക്കുന്ന പ്രധാന പ്രശ്നം. ഇതിനായി ആവശ്യാനുസരണം കാർഷിക പ്രാധാന്യമുള്ള പ്രദേശങ്ങളിൽ കൂടുതൽ യന്ത്രവൽക്കരണത്തിനുള്ള പദ്ധതികളും പരിശീലനങ്ങളും നടപ്പിലാക്കി വരുന്നു.

ക്ഷീരസുരക്ഷാ സേവന കേന്ദ്രങ്ങൾ

226 (1185) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എം. കെ. ചന്ദ്രൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ക്ഷീരസുരക്ഷാ സേവന കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള പദ്ധതികളുണ്ടോ ;

(ബി) കാർഷിക സേവനത്തിന് യുവജനങ്ങളെ തയ്യാറാക്കുന്നതിനുള്ള പദ്ധതിക്ക് കാർഷിക സർവ്വകലാശാല രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിക്കായി എത്ര യുവജനങ്ങളെ തെരഞ്ഞെടുക്കുമെന്നും ഇവർക്ക് ഏതെല്ലാം തരത്തിലുള്ള പരിശീലനങ്ങൾ നൽകുമെന്നും വ്യക്തമാക്കുമോ ;

(ഡി) സേവന കേന്ദ്രങ്ങൾ വഴിയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിനു കീഴിൽ നടന്ന വികസന പ്രവർത്തനങ്ങൾ

227 (1196) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പിനുകീഴിൽ നടന്ന വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദ വിവരം ലഭ്യമാക്കുമോ ;

(ബി) ഇതിനായി ഓരോന്നിനും എത്ര തുക വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള റോഡിന്റെ നിർമ്മാണം

228 (1197) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ ഉള്ളതും, തണ്ണിത്തോട് മൂഴിയിൽ നിന്നും കരിമാൻതോടിന് പോകുന്നതുമായ റോഡ് പ്ലാന്റേഷൻ കോർപ്പറേഷന്റെ അതിർത്തിയായ അള്ളുങ്കൽ മുതൽ 2.75 കി.മീ. ഭാഗം കെ.എസ്.ടി.പി. മാതൃകയിൽ പൂർത്തീകരിക്കുമെന്ന് ബഹു. മന്ത്രി സഭയിൽ നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(സി) ഈ വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) 6-7-2010-ൽ നൽകിയ കത്തിന്മേൽ നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത വർക്കിനെ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) നടപടികൾ കൈക്കൊള്ളുന്നതിന് ഉത്തരവായിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ മേശപ്പുറത്ത് വയ്ക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly